യേശുവിന്റെ പ്രവൃത്തികളാണ്: അവിടന്ന് അപ്പമെടുത്ത്, വാഴ്ത്തി, മുറിച്ച്, അവർക്ക് നല്കി. യഹൂദഭവനത്തിലെ ഒരു കുടുംബനാഥൻ സാധാരണ ചെയ്യുന്നതാണിവ. എന്നാൽ പരിശുദ്ധാത്മാവിന്റെ കൃപാവരത്തിൽ യേശുക്രിസ്തു അത് ചെയ്തപ്പോൾ മേശയ്ക്കുചുറ്റും ഇരുന്ന ഈ രണ്ട് ശിഷ്യർക്ക് അത് അപ്പം ഇരട്ടിപ്പിക്കലിന്റേയും, എല്ലാറ്റിനും ഉപരിയായി, കുരിശിലെ ബലിയുടെ കൂദാശയായ ദിവ്യകാരുണ്യത്തിന്റേയും അനുഭവമായി മാറി.

എന്നാൽ അപ്പം മുറിച്ച അതേ നിമിഷംതന്നെ, അവർ യേശുവിനെ തിരിച്ചറിഞ്ഞപ്പോൾ, "അവൻ അവരിൽനിന്ന് അപ്രത്യക്ഷനായി" (ലൂക്കാ 24:31). ഇവിടെ നാം നമ്മുടെ വിശ്വാസത്തിന്റെ ഒരു അടിസ്ഥാന സത്യം തിരിച്ചറിയുന്നു: അപ്പം മുറിക്കുന്ന ക്രിസ്തു ഇന്ന് മുറിക്കപ്പെടുന്ന അപ്പമായി തീരുന്നു; അവിടന്ന് നമ്മുടെ ഇടയിൽ പങ്കുവയ്ക്കപ്പെടുകയും ഉൾക്കൊള്ളപ്പെടുകയും ചെയ്യുന്നു. അവിടുത്തെ ഇനിമേൽ കാണുന്നില്ല; അവിടന്ന് നമ്മുടെ ഹൃദയങ്ങളിൽ പ്രവേശിച്ചിരിക്കുന്നു; അങ്ങനെ നാം കൂടുതൽ ജ്വലിക്കുന്നവരായിത്തീരുന്നു. ഉത്ഥിതനായ നാഥനെ ദിവ്യകാരുണ്യത്തിൽ കണ്ടുമുട്ടിയതിന്റെ അതുല്യമായ അനുഭവം എല്ലാവരുമായി പങ്കുവയ്ക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു.

ദിവ്യകാരുണ്യം ഫലം പുറപ്പെടുവിക്കണമെങ്കിൽ നാം യേശുവുമായി ഒന്നായിരിക്കണം. (യോഹ 15;4-9 കാണുക). ദൈനംദിനമുള്ള പ്രാർത്ഥനവഴിയാണ് ഈ ഒന്നാകൽ സാധ്യമാകുന്നത്, ഏറെ പ്രത്യേകിച്ച് ദിവ്യകാരുണ്യത്തിന്റെ ആരാധന വഴി. ദിവ്യകാരുണ്യത്തിന്റെ ആരാധനയിൽ, ദിവ്യകൂദാശയിൽ, നമ്മോടൊപ്പം ആയിരിക്കുന്ന കർത്താവിന്റെ സാന്നിധ്യത്തിൽ നാം നിശ്ശബ്ദരായി ഇരിക്കണം. അങ്ങനെ ക്രിസ്തുവുമായുള്ള ഒന്നാകൽ സ്നേഹപൂർവ്വം പരിപോഷിപ്പിക്കുന്നതുവഴി പ്രേഷിതശിഷ്യരായ നാം പ്രവർത്തനത്തിൽ താല്പര്യമുള്ളവരായിത്തീരും. നമ്മുടെ ഹൃദയങ്ങൾ എപ്പോഴും യേശുവുമായുള്ള ഒത്തുവാസത്തിൽ ആയിരിക്കാൻ ആഗ്രഹിക്കട്ടെ. ഏറെ പ്രത്യേകിച്ച്, വൈകുന്നേരത്തെ കുടുംബപ്രാർഥനകളിൽ എമ്മാവൂസിലേക്കുപോയ



ആ രണ്ട് ശിഷ്യരുടെ "നാഥാ ഞങ്ങളോടൊത്ത് വസിച്ചാലും" (ലൂക്ക 24:29) എന്ന തീക്ഷ്ണമായ യാചന പ്രതിധ്വനിക്കട്ടെ!

**3. "അവർ അപ്പോൾത്തന്നെ എഴുന്നേറ്റ് ജറുസലെമിലേക്ക് തിരിച്ചുപോയി"**

അപ്പം മുറിക്കലിൽ കണ്ണുകൾ തുറക്കപ്പെടുകയും അങ്ങനെ യേശുവിനെ തിരിച്ചറിയുകയും ചെയ്ത ശിഷ്യർ "ഉടൻതന്നെ ജറുസലെമിലേക്ക് തിരികെ പോയി" (ലൂക്കാ 24:33). കർത്താവിനെ കണ്ടതിന്റെ സന്തോഷം മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ തിടുക്കത്തിൽ നടത്തിയ ഈ പുറപ്പാട് ഒരു കാര്യം വ്യക്തമാക്കുന്നു: "നാമും സുവിശേഷത്തിന്റെ സന്തോഷം നാം കണ്ടുമുട്ടുന്ന എല്ലാവരുടെയും ഹൃദയങ്ങളിലേക്കും ജീവിതം മുഴുവനിലേക്കും നിറയ്ക്കണം" (സുവിശേഷത്തിന്റെ സന്തോഷം, 1).

യേശുവിനെക്കുറിച്ച് എല്ലാവരോടും പറയാനുള്ള അത്യുത്സാഹം രൂപപ്പെടാതെ ഒരാൾക്ക് താൻ ഉത്ഥിതനായ യേശുവിനെ യഥാർത്ഥമായും കണ്ടുമുട്ടി എന്ന് പറയാൻ ആകില്ല. ആകയാൽ, നമ്മുടെ പ്രേഷിതദൗത്യത്തിന് മുഖ്യമായ ഘടകം വിശുദ്ധലിഖിതത്തിലെയും ദിവ്യകാരുണ്യത്തിലെയും ഉത്ഥിതനായ ക്രിസ്തുവാണ്. നമ്മുടെ ഹൃദയങ്ങളിൽ അവിടത്തെ അഗ്നിയും കണ്ണുകളിൽ അവിടത്തെ പ്രകാശവും ഉണ്ടായിരിക്കണം. അപ്പോൾ ബുദ്ധിമുട്ടേറിയതും ഇരുണ്ടതുമായ വേളകളിൽപോലും ഒരിക്കലും അവസാനിക്കാത്ത ജീവനെക്കുറിച്ച് നമുക്ക് സാക്ഷ്യം നല്കാനാകും.

നമ്മുടെ പാദങ്ങൾ ലോകപാതകളിലായിരിക്കുന്നതാണ് പ്രേഷിതദൗത്യം. "ലോകപാതകളിൽ ആയിരിക്കുന്ന പാദങ്ങൾ" എന്ന സങ്കല്പം ജനതകളോടുള്ള നമ്മുടെ പ്രേഷിതദൗത്യത്തിന്റെ അനന്തസാധ്യതയെക്കുറിച്ച് വീണ്ടും നമ്മെ ഓർമിപ്പിക്കുകയാണ്. അതായത്, ഭൂമിയുടെ അതിർത്തികൾവരെ എല്ലാ വ്യക്തികളെയും ജനപദങ്ങളെയും സുവിശേഷവത്ക്കരിക്കുക എന്ന പ്രേഷിതദൗത്യത്തെ ഓർമ്മിപ്പിക്കുന്നു. അനീതിയുടെ നിരവധി സാഹചര്യങ്ങളാലും ഒട്ടനവധി ഭിന്നതകളാലും യുദ്ധങ്ങളാലും മുറിവേറ്റിരിക്കുന്ന നമ്മുടെ മനുഷ്യകുടുംബത്തിന് ഇന്ന്